പൂർത്തീകരിക്കും. തൃശ്ശൂർ ജില്ലയിലെ പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയുടെ പവർഹൗസിന് മേൽക്കൂരയ്ക്ക് മുകളിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന 50 KW ന്റെ 60 ലക്ഷം രൂപ ചെലവുവരുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഈ പദ്ധതി ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കും. പാലക്കാട് ജില്ലയിലെ 15 കോളനികൾ 531.83 ലക്ഷം രൂപ ചെലവിൽ 131.5 കി.വാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനായി RGGVY പദ്ധതി പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിൽ അഞ്ചു കോളനികളിലേയുള്ള പദ്ധതി നിർവ്വഹണം ഡിസംബർ 2015 - ഓടു കൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഉല്പാദന മേഖലയിലെ വിവിധ പദ്ധതികൾക്കായി നീക്കി വച്ച തുക :

വർഷം	നീക്കിവച്ചത് (രൂപ കോടിയിൽ)	ചെലവഴിച്ചത് (രൂപ കോടിയിൽ)
2011-12	383.7	160
2012-13	274.3	256.7
2013-14	256.5	230
2014-15	338.9	258
2015-16	385.6	35.8 (ജൂൺ വരെ)

സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി ചേർന്നുള്ള പദ്ധതി

37 (4619) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇൻഡ്യ (സെക്കി) സംസ്ഥാന ഏജൻസിയുമായിച്ചേർന്നുള്ള സംയുക്ത സംരംഭത്തിൽ പങ്കാളിത്തം വഹിക്കേണ്ട ഏജൻസിയെ തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് ശേഷിയുള്ള സോളാർ എനർജി പാർക്ക് സ്ഥാപിക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് സെക്കിയുമായി ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. ടി പദ്ധതി സംരംഭകർ മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ IREDA-യുമായും THDCIL-യുമായും സെക്കിയും കെ.എസ്.ഇ.ബി. ലിമിറ്റഡും ചേർന്ന് അമ്പത് മെഗാവാട്ട് വീതം സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെവ്വേറെ ത്രികക്ഷി പ്രാരംഭകരാർ ഒപ്പുവച്ചിട്ടുണ്ട്. ബാക്കി 100 മെഗാവാട്ട് SECI-യും KSEB-യും ചേർന്ന് ഒരു സംയുക്ത സംരംഭമായി കേന്ദ്ര സർക്കാരിന്റെ Solar Park Scheme-ന്റെ നിബന്ധനകൾക്കനുസരിച്ച് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

വൈദ്യുതി സെക്ഷൻ ഓഫീസ്

38 (4620)ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വൈദ്യുതി സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കണ്ണൂർ ജില്ലയിൽ ആരംഭിച്ച സെക്ഷൻ ഓഫീസുകൾ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) കണ്ണൂർ ജില്ലയിലെ പിലാത്തറ കേന്ദ്രമാക്കി വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ. നൽകിയ നിവേദനത്തിൽ അനുകൂലനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 54 എണ്ണം.

(ബി) പെരളശ്ശേരിയിലും കാർത്തികപുരത്തും.

(സി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ/ 50 ചതുരശ്ര കിലോ മീറ്റർ അഥവാ 20000 ഉപഭോക്താക്കൾ/ 100 ചതുരശ്ര കിലോ മീറ്റർ), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചുവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ മാതമംഗലം, പഴയങ്ങാടി, പയ്യന്നൂർ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly